കൊച്ചങ്ങാടി ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ്

11 (2886) ശ്രീ. എം. കെ. മുനീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ കൊച്ചങ്ങാടി ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് പുതുക്കിപ്പണിഞ്ഞതിന് മത്സ്യഫെഡ് എത്ര രൂപ ചെലവഴിച്ചു ; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്ലാന്റ് 1999 ജൂലായ് 10-ാം തീയതി ഉൽഘാടനം ചെയ്യുന്നതിന് മുൻപുതന്നെ രാജ്കോട്ടിലെ ഇൻഡോടെക് കമ്പനി സ്ഥാപിച്ച നാല് കംപ്രസ്സറുകൾ കേടായത് മാറ്റി കിർലോസ്കർ കമ്പനിയുടെ നാല് കംപ്രസ്സറുകൾ വാങ്ങി സ്ഥാപിച്ച വകയിൽ എത്ര കോടി രൂപ ചെലവായി ;

(സി) കിർലോസ്കർ കമ്പനിയിൽ നിന്നും പുതുതായി വാങ്ങിയ കംപ്രസ്സറുകൾ കേടായതുമൂലം എത്ര രൂപയുടെ നഷ്ടമുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ഡി) കൊച്ചങ്ങാടി ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് പുതുക്കിപ്പണിഞ്ഞതിൽ നടന്നതായ അഴിമതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു ; ഇല്ലെങ്കിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത ഐസ് പ്ലാന്റ് പുതുക്കിപ്പണിഞ്ഞതിൽ ഉണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊച്ചിയിലെ കൊച്ചങ്ങാടി ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് പുതുക്കിപ്പണിയുന്നതിന് മത്സ്യഫെഡ് ഇതുവരെ 2,44,61,001 രൂപ ചെലവഴിച്ചു. ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു. *

(ബി) പരാമർശത്തിലുള്ള പ്ലാന്റിലെ റെഫ്രിജറേഷൻ പണികളുടെ കോൺട്രാക്ട് ഏറ്റെടുത്തിരുന്ന രാജ്കോട്ടിലെ മെ: ഇൻഡോ ടെക്നോഫ്രിക്കോ എന്ന സ്ഥാപനത്തോട് നിരന്തരം സമ്മർദ്ദം ചെലുത്തിയിട്ടും ഏറ്റെടുത്ത പണികൾ പൂർത്തിയാക്കാത്തതിനാൽ കമ്പനിയുമായുള്ള കോൺട്രാക്ട് അവരുടെ റിസ്ക് ആന്റ് കോസ്റ്റിൽ റദ്ദ് ചെയ്ത് അവർക്ക് നൽകേണ്ട 14.82 ലക്ഷം രൂപ തടഞ്ഞുവച്ചു. സ്പെയർപാർട്ട്സുകൾ ലഭ്യമല്ലാതെ വന്നതിനാൽ കംപ്രസ്സറുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്ത് അവ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ അതിനുപകരം 3 പുതിയ കംപ്രസ്സറുകൾ വാങ്ങി സ്ഥാപിക്കുവാൻ മത്സ്യഫെഡ് നിർബന്ധിതമായി. ഈ സാഹചര്യത്തിൽ പുതിയതായി 3 കിർലോസ്കർ കംപ്രസ്സറുകൾ മെ: ഇൻഡോ ടെക്നോഫ്രിക്കോ എന്ന കമ്പനിക്ക് നൽകാതെ തടഞ്ഞുവച്ചിരുന്ന തുക ഉപയോഗിച്ച് വാങ്ങി പ്രസ്തുത പ്ലാന്റിൽ സ്ഥാപിച്ചു. ഈ ഇനത്തിൽ 12,11,418 രൂപ ചെലവായിട്ടുണ്ട്.

(സി) കിർലോസ്കർ കമ്പനിയിൽനിന്നും പുതുതായി പ്ലാന്റിൽ സ്ഥാപിച്ച 3 കംപ്രസ്സറുകളിൽ ഒരെണ്ണത്തിന് അത് സ്ഥാപിച്ച സമയത്തുതന്നെ കേട് സംഭവിച്ചതിനെത്തുടർന്ന് പ്രസ്തുത കംപ്രസ്സർ കിർലോസ്കർ കമ്പനിക്ക് നേരിട്ട് അയച്ചുകൊടുത്ത് റിപ്പയർ ചെയ്യിച്ച് വീണ്ടും പ്ലാന്റിൽ സ്ഥാപിച്ചു. റിപ്പയർ ചാർജ്ജ് 51,982 രൂപയായി. പ്രസ്തുത കമ്പനി ഗ്യാരന്റിയായി നൽകിയിട്ടുള്ള 51,500 രൂപയുടെ ബാങ്ക് ഗ്യാരന്റി റിവോക്ക് ചെയ്ത് മത്സ്യ ഫെഡിന് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ അഴിമതിയൊന്നും നടന്നിട്ടില്ല.

(ഇ) നഷ്ടമുണ്ടായിട്ടില്ല.

മത്സ്യ അലങ്കാർ പരിപാടി

12 (2887) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഫെബ്രുവരിയിൽ കോഴിക്കോട്ടു വച്ചു നടത്തിയ മത്സ്യ അലങ്കാർ പരിപാടിയുടെ ഇനം തിരിച്ചുള്ള വരവ് ചെലവ് കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരിപാടി നടത്തിയതിനുള്ള പണം എവിടെ നിന്ന് ലഭിച്ചു ; ഇതിനായി സർക്കാർ വകുപ്പുകളും ഏജൻസികളും എത്ര രൂപ വീതം ചെലവഴിച്ചു ; വിശദ വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വരവ് ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പരിപാടിക്കുവേണ്ടി ലഭിച്ച പണത്തിന്റെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly